REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് രംഗം ചൂടുപിടിക്കുന്നു. കോൺഗ്രസിന്റെയും ലീഗിന്റെയും പട്ടിക ഇന്ന് പ്രഖ്യാപിക്കും.**
- **നിയമസഭാ തെരഞ്ഞെടുപ്പിന്റെ ചെലവ് നിരീക്ഷകർ ഇന്ന് കേരളത്തിലെത്തും.**
- **പേർഷ്യൻ ഗൾഫിൽ നിന്ന് പാചകവാതകവുമായി പുറപ്പെട്ട ഷിവാലിക്ക് കപ്പൽ ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തെത്തി.**
- **അഫ്ഗാൻ തലസ്ഥാനമായ കാബൂളിൽ പാകിസ്ഥാൻ വ്യോമാക്രമണത്തിൽ 400 ലേറെ പേർ മരിച്ചു.**
- **ISL ഫുട്ബോളിൽ പഞ്ചാബ് FC, ഗോവ മത്സരം സമനിലയിൽ പിരിഞ്ഞു.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് രംഗം ചൂടുപിടിക്കുന്നു. LDF ഞായറാഴ്ചയും BJP ഇന്നലെയും ആദ്യ ഘട്ട സ്ഥാനാർഥി പട്ടിക പുറത്തുവിട്ടു. CPIM 81 സ്ഥാനാർത്ഥികളെയും CPI 25 സ്ഥാനാർത്ഥികളെയുമാണ് തീരുമാനിച്ചത്. BJP 47 പേരുടെ ആദ്യ പട്ടികയാണ് ഇന്നലെ പ്രസിദ്ധീകരിച്ചത്. NDA ഘടകകക്ഷിയായ BDJS ആദ്യഘട്ട സ്ഥാനാർത്ഥിപട്ടിക പുറത്തുവിട്ടു. 12 സ്ഥാനാർത്ഥികളുടെ പട്ടികയാണ് BDJS പ്രസിദ്ധീകരിച്ചത്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.........

കോൺഗ്രസിന്റെ ആദ്യ പട്ടിക ഇന്ന് പ്രഖ്യാപിക്കുന്നതോടെ മത്സര ചിത്രം ഏറെക്കുറെ വ്യക്തമാകും. 55 സ്ഥാനാർത്ഥികളെ ഇന്ന് പ്രഖ്യാപിക്കുമെന്നാണ് കോൺഗ്രസ്സ് കേന്ദ്രങ്ങൾ അറിയിച്ചത്. ശേഷിക്കുന്നവരെ നാളെ രണ്ടാം പട്ടികയിൽ പ്രഖ്യാപിക്കും. ഇതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് സമിതി രാവിലെ യോഗം ചേരും. മുസ്ലീംലീഗ് സ്ഥാനാർത്ഥികളെ ഇന്ന് പ്രഖ്യാപിച്ചേക്കും. ഇന്നലെ രാത്രിയോടെ പാർട്ടി സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളും ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടിയും അടക്കം മുതിർന്ന നേതാക്കൾ പട്ടികക്ക് അന്തിമ രൂപം നൽകിയതായാണ് റിപ്പോർട്ട്.

മലപ്പുറം ജില്ലയിൽ കോൺഗ്രസ് മത്സരിക്കുന്ന തവനൂർ സീറ്റ് മുസ്ലിം ലീഗ് ഏറ്റെടുത്ത് തിരുവമ്പാടി സീറ്റ് കോൺഗ്രസിന് നൽകാൻ നീക്കമുണ്ട്.

ഈ മാസം 23 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 24 ന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തും. ഈ മാസം 26 വരെ പത്രിക പിൻവലിക്കാം. ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്. മെയ് നാലിനാണ് വോട്ടെണ്ണൽ.

✪✪✪

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ചെലവ് നിരീക്ഷകർ ഇന്ന് സംസ്ഥാനത്തെത്തും. 40 നിരീക്ഷകരെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് പൊതു നിരീക്ഷകർ നാളെയും എത്തിച്ചേരും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ 20 എൻഫോഴ്സ്മെന്റ് ഏജൻസി സംഘങ്ങളെയും നിയോഗിച്ചിട്ടുണ്ടെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചു. രാഷ്ട്രീയ പാർട്ടികളുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികകൾ അവ പ്രസിദ്ധീകരിച്ച് മൂന്ന് ദിവസത്തിനകം തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതോടെ സംസ്ഥാനത്ത് സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കി. വിവിധ ഏജൻസികളുടെ നിരീക്ഷണവും തെരഞ്ഞെടുപ്പ് കഴിയും വരെ തുടരും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....

......(വോയ്സ് ).....

കേരളത്തിലേക്ക് ഇതിനകം തന്നെ 30 കമ്പനി സിആർപിഎഫെത്തിയിട്ടുണ്ട്. കൂടുതൽ കേന്ദ്ര സേനാംഗങ്ങൾ ഇനിയും എത്തുമെന്നാണ് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ അറിയിച്ചിട്ടുള്ളത്. നിർണായക മേഖലകളിൽ കൂടുതൽ സുരക്ഷ ഏർപ്പെടുത്താൻ നീക്കമുണ്ടെന്നും മുഖ്യ തെരഞ്ഞെടുപ്പ്

ഓഫിസർ അറിയിച്ചിട്ടുണ്ട്. നൂറു ശതമാനം വെബ് കാസ്റ്റിങ് ആയിരിക്കും ഇത്തവണത്തെ വോട്ടിങ് വേളയിലെ മറ്റൊരു സവിശേഷത. പ്രചാരണ വേളയിൽ നിയമ വിരുദ്ധമായി പണം ഒഴുക്കുന്നതു തടയാനും അതിശക്തമായ നടപടികൾ സ്വീകരിക്കും.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട 40 ചെലവു നിരീക്ഷകർ ഇന്ന് സംസ്ഥാനത്ത് എത്തും. അൻപതിനായിരം രൂപയിലേറെ പണമായി കൊണ്ടു പോകുന്നവർ അതിന്റെ രേഖകളും കൈവശം കരുതണമെന്ന് അധികൃതർ നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പൂമായി ബന്ധപ്പെട്ട് ജില്ലകളിൽ കലക്ടർമാരുടെ അധ്യക്ഷതയിൽ നോഡൽ ഓഫീസർമാരുടേയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും യോഗം ചേർന്നു.സുരക്ഷിതവും കുറ്റമറ്റതുമായ തെരഞ്ഞെടുപ്പിന് ജില്ലകളിലെ തെരഞ്ഞെടുപ്പ് വിഭാഗങ്ങളുടെ സജ്ജത യോഗങ്ങളിൽ വിലയിരുത്തി. ഇലക്ട്രോണിക് മാധ്യമങ്ങളിലെ പരസ്യങ്ങൾക്ക് മീഡിയ മോണിറ്ററിംഗ് ആന്റ് മീഡിയ സർട്ടിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

തെരഞ്ഞെടുപ്പ് റാലികൾ, പൊതുയോഗങ്ങൾ, റോഡ് ഷോകൾ എന്നിവ നടത്താനും ഉച്ചഭാഷിണിയും വാഹനങ്ങളും ഉപയോഗിക്കാനും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഏകജാലക പോർട്ടലായ സുവിധ വഴി ഓൺലൈനായി അപേക്ഷിക്കണം.

85വയസ്സ് പിന്നിട്ട വയോധികർക്കും 40 ശതമാനത്തിലേറെ ശാരീക വൈകല്യം നേരിടുന്നവർക്കും വീട്ടിൽ തന്നെ വോട്ട് ചെയ്യാൻ അവസരം ഉണ്ട്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണ വീഡിയോ വാഹനങ്ങൾക്ക് അനുമതി നൽകാനും മോട്ടോർവാഹന ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും നോഡൽ ഓഫീസറായി മാനന്തവാടി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ AK നജീബിനെ നിയമിച്ചു. മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ മെയ് ഏഴ് വരെയാണ് അദ്ദേഹത്തിന്റെ നിയമന കാലാവധി.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആവേശം വോട്ടർമാരിലെത്തിക്കാൻ വിപുലമായ പ്രചാരണ പരിപാടികളുമായി കാസർകോട് ജില്ലാ ഭരണകൂടം. സ്വീപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ജില്ലാതല പ്രചാരണ പരിപാടി - വോട്ടായാനം 2026 ന് ഇന്ന് തുടക്കമാകും.

കാസർക്കോട് നിന്നും P ജഗന്നിവാസൻ....

......(വോയ്സ് ).....

✪✪✪

പേർഷ്യൻ ഗൾഫിൽ നിന്ന് പാചകവാതകവുമായി പുറപ്പെട്ട ഷിവാലിക്ക് എന്ന കപ്പൽ ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തെത്തി. അമേരിക്കയുടേയും ഇസ്രായിലിന്റെയും ആക്രമണത്തെ തുടർന്ന് ഇറാൻ ഹോർമുസ് കടലിടുക്ക് അടച്ചിരുന്നു. ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയാനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംസാരിച്ചതിന്റെയും വിദേശകാര്യമന്ത്രി ഡോ. S ജയശങ്കറിന്റെ നയതന്ത്ര ശ്രമങ്ങളുടേയും ഫലമായാണ് ഇന്ത്യൻ കപ്പലുകൾ കടത്തിവിടാൻ ഇറാൻ അനുമതി നൽകിയത്. നന്ദാദേവി എന്ന രണ്ടാമത്തെ കപ്പലും ഹോർമൂസ് കടലിടുക്ക് വഴി ഇന്ന് ഇന്ത്യയിലെത്തും. മുന്ദ്ര തുറമുഖത്ത് 20,000 ടൺ LPG ഇറക്കിയ ശേഷം ഷിവാലിക് മംഗലൂരുവിൽ 26,000 ടൺ LPG എത്തിക്കും.

✪✪✪

അഫ്ഗാൻ തലസ്ഥാനമായ കാബൂളിൽ പാകിസ്ഥാൻ വ്യോമാക്രമണത്തിൽ 400 ലേറെ പേർ മരിച്ചു. 250 ലേറെ പേർക്ക് പരിക്കേറ്റു. ആശുപത്രിക്ക് നേരെയാണ് പാകിസ്ഥാൻ ആക്രമണം ഉണ്ടായതെന്ന് താലിബാൻ ഗവൺമന്റ് വക്താവ് സബീഹുള്ള മുജാഹിദ് അറിയിച്ചു.

സിവിലിയൻ കേന്ദ്രത്തിന് നേരെയുണ്ടായ ആക്രമണത്തെ ഐക്യ രാഷ്ട്ര സംഘടനയും അന്താരാഷ്ട്ര മനുഷ്യാവകാശ ഫൗണ്ടേഷനും ഉൾപ്പെടെ സംഘടനകൾ അപലപിച്ചു.

✪✪✪

ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ലോക് ഭവനിൽ മലയാളി ക്രിക്കറ്റ് താരം സഞ്ജു സാംസണെ ആദരിച്ചു. ലോക്ഭവനിലെത്തിയ സഞ്ജുവിനെ ഷോൾ നൽകി സ്വീകരിച്ച ഗവർണർ പത്മനാഭ സ്വാമി പ്രതിമയും കസവുമുണ്ടും സച്ചിൻ ടെണ്ടുൾക്കറിന്റെ ആത്മകഥയും സമ്മാനിച്ചു.

✪✪✪

കേരള ക്രിക്കറ്റ് അസോസിയേഷന്റെ കാര്യക്ഷമമായ ഇടപെടലാണ് കേരളത്തെ ഇന്ന് ഇന്ത്യയിലെ മികച്ച ക്രിക്കറ്റ് സംസ്ഥാനമാക്കി മാറ്റിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 45 കോടി രൂപ ചെലവിൽ നിർമ്മിച്ച തിരുവനന്തപുരത്തെ മംഗലപുരം ക്രിക്കറ്റ് ഗ്രൗണ്ടും ഫ്ലഡ് ലൈറ്റ് സംവിധാനവും ഉദ്ഘാടനവും ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ചടങ്ങിൽ ട്വന്റി 20 ലോകകപ്പിൽ ഇന്ത്യയുടെ വിജയത്തിന് നിർണായക പങ്കുവഹിച്ച സഞ്ജു സാംസണ് KCAയുടെ ഗോൾഡൻ ബാറ്റ് അദ്ദേഹം സമ്മാനിച്ചു. നിശ്ചയദാർഢ്യവും മനസ്സാന്നിധ്യവുമാണ് സഞ്ജുവിന്റെ വിജയമന്ത്രമെന്നും, കേരള ക്രിക്കറ്റിന്റെ തിളക്കമാർന്ന അടയാളമാണ് സഞ്ജുവെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പുതിയ ഗ്രൗണ്ട് പുതുതലമുറയ്ക്ക് വലിയ മുതൽക്കൂട്ടാകുമെന്ന് സ്നേഹാദരം ഏറ്റുവാങ്ങിയ ശേഷം സഞ്ജു പറഞ്ഞു.

✪✪✪

റംസാനും ഈസ്റ്ററും വിഷുവും പ്രമാണിച്ച് സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് ഓരോ LPG സിലിണ്ടർ അധികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. കേരളത്തിലെ 95 ശതമാനത്തിലേറെ ആളുകളും പാചക വാതകത്തെ ആശ്രയിക്കുന്നവരാണെന്ന് കത്തിൽ മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

ലുധിയാനയിൽ ISL ഫുട്ബോളിലെ പഞ്ചാബ് FC, ഗോവ മത്സരം ഇരു ടീമുകളും ഓരോ ഗോൾ നേടി സമനിലയിൽ പിരിഞ്ഞു. മറ്റന്നാൾ സ്പോർട്ടിങ് ഡൽഹി, ജംഷഡ്പൂരുമായി ഏറ്റുമുട്ടും. ഹൈദരാബാദിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

ഡോക്ടർ വന്ദനദാസ് വധക്കേസിൽ വിധി ഇന്നുണ്ടാകും. കൊല്ലം അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുന്നത്. 2023 മെയ് 10ന് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടെയാണ് ഡോ. വന്ദനാദാസ് കൊല്ലപ്പെട്ടത്.

കേസിലെ ഏകപ്രതി സന്ദീപ് കുടവട്ടൂർ LP സ്കൂൾ അധ്യാപകനായിരുന്നു. കേസിൽ 70 ലധികം സാക്ഷികളെ വിസ്തരിച്ചു, 22 തൊണ്ടി മുതലുകളും 207 രേഖകളും ഹാജരാക്കിയിരുന്നു.

✪✪✪

മലപ്പുറം കൊണ്ടോട്ടിക്ക് സമീപം കിണറ്റിൽ വീണ ആടിനെ രക്ഷിക്കാൻ ഇറങ്ങിയ രണ്ട് ഒഡിഷ തൊഴിലാളികൾ മരിച്ചു. ആദ്യം ഇറങ്ങിയ ആൾക്ക് ശ്വാസ തടസ്സമുണ്ടായതിനെ തുടർന്ന് രക്ഷിക്കാനിറങ്ങിയ രണ്ടാമത്തെ ആളും അപകടത്തിൽ പെടുകയായിരുന്നു. ഗഞ്ചം സ്വദേശികളായ നരസിംഹ പ്രധാൻ, സന്തോഷ് ബദത്യ എന്നിവരാണ് മരിച്ചത്. ഇന്നലെ വൈകിട്ട് ആറുമണിയോടെയായിരുന്നു സംഭവം. മാവൂരിൽ നിന്നെത്തിയ ഫയർഫോഴ്സ് സംഘമാണ് ഇരുവരേയും പുറത്തെത്തിച്ചത്.

✪✪✪

കൗൺസിലിംഗിനെത്തിയ 19 കാരിയെ പീഡിപ്പിച്ചെന്ന പരാതിയിൽ പെരുവന്താനം പാലൂർകാവ് CSI പള്ളി വികാരി സന്തോഷിനെ അറസ്റ്റു ചെയ്തു. കഴിഞ്ഞ ഫെബ്രുവരി ഏഴിനായിരുന്നു കേസിന് ആസ്പദമായ സംഭവം. വേളാങ്കണ്ണിയിൽ നിന്നാണ് വികാരി പിടിയിലായത്. കോടതി പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

✪✪✪

K-TET പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഈമാസം 21 വരെ നീട്ടി. നിലവിൽ ജോലി ചെയ്യുന്ന ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിലെ പ്രമോഷൻ ലഭിക്കേണ്ട അധ്യാപകർക്ക് കൂടി ഈ കാറ്റഗറിയിൽ K-TET എഴുതാം.

✪✪✪

എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ് ഫോം നവീകരണ ജോലികളെ തുടർന്ന് ഇന്ന് മുതൽ ഈ മാസം 26 വരെ ഏതാനും ട്രെയിനുകളുടെ സർവീസുകളിൽ ക്രമീകരണം ഏർപ്പെടുത്തി. ഗുരുവായൂർ - എറണാകുളം പാസഞ്ചർ ഇടപ്പള്ളിയിൽ യാത്ര അവസാനിപ്പിച്ച് അവിടെ നിന്ന് മടക്കയാത്ര ആരംഭിക്കും. കൊല്ലം - എറണാകുളം മെമു തൃപ്പൂണിത്തുറയിൽ സർവീസ് അവസാനിപ്പിക്കും. മടക്കയാത്രയും അവിടെ നിന്നായിരിക്കും.

തിരുവനന്തപുരം - എറണാകളും വഞ്ചിനാട് എക്സ്പ്രസ് കോട്ടയത്ത് സർവീസ് അവസാനിപ്പിച്ച് അവിടെ നിന്ന് മടക്കയാത്ര തുടങ്ങും. എറണാളും - കണ്ണൂർ ഇന്റർസിറ്റി ആലുവായിൽ എത്തി അവിടെ നിന്ന് മടക്കയാത്ര ആരംഭിക്കും. ചെന്നൈ- ആലപ്പുഴ ട്രെയിൻ അരമണിക്കൂർ വരെ വൈകിയോടും.
പാലക്കാട് - എറണാകുളം മെമു, നാളെ മുതൽ ആലുവ വരെയേ സർവീസ് നടത്തൂ.

✪✪✪

*News Editor : ഫർദിസ് എ വി*
*News Reader: അനിൽ ചന്ദ്രൻ*
*News Team :,അനുഷ ആത്മപ്രകാശ്*
*DEO: സി കെ സുബോധ്*